## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 284 — 02.03.2020 ൽ മറുപടിയ്ക്ക്

## വിലക്കയറ്റം നിയന്ത്രിക്കാൻ മാവേലി സ്റ്റോറുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ റ്റി.വി.രാജേഷ്<br>,, പി. ഉണ്ണി<br>,, ഓ.ആർ കേളു<br>,, സി.കെ.ഹരീന്ദ്രൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | അവശ്യ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിച്ചു നിർത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾഎന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 വരെ ശതമാനം വിലക്കുറവിൽ സപ്ലൈകോ മുഖേന വിതരണം ചെയ്യുന്ന സബ് സിഡി സാധനങ്ങളുടെ വില്പന വിലകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇതുമൂലം, പൊതു വിപണിയിൽ വില ഉയരുന്ന സാഹചര്യത്തിലും, സപ്ലൈകോ വില്പനശാലകളിലൂടെ കുറഞ്ഞ വിലയിൽ അവശ്യ നിത്യോപയോഗ സാധനങ്ങൾ വാങ്ങാവുന്ന സാഹചര്യം ഉപഭോക്താവിന് ലഭിക്കുന്നു.<br>വളരെ കുറഞ്ഞ വിലയിലും കൂടുതൽ ലഭ്യതയിലും സ്റ്റോക്ക് വിപണിയിലെത്തിക്കുന്നതിനായി, ഇ-ടെൻഡറിന് പുറമെ, നാഫെഡ്, കേന്ദ്രീയ ഭണ്ഡാർ മുതലായ കേന്ദ്ര ഏജൻസികൾ മുഖേന ഉദ്പാദന കേന്ദ്രങ്ങളിൽ നിന്നും അവശ്യ വസ്തുക്കൾ സംഭരിക്കുന്നു. ചില നിത്യോപയോഗ സാധനങ്ങളുടെ (സവാള) വില അനിയന്ത്രിത-മായി വർദ്ധിച്ച ഘട്ടങ്ങളിൽ വിദേശത്ത് നിന്ന് ഇറക്കുമതി ചെയ്ത സാധനങ്ങൾ വിപണിയിലെത്തിക്കുന്നതിനും നടപടി സ്വീകരിച്ചു. |
| (ബി) | ഇതിന്റെ ഭാഗമായി മാവേലി സ്റ്റോറുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | വിലക്കയറ്റം പ്രതിരോധിക്കുവാൻ തക്കവിധം, മാവേലി സ്റ്റോറുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി, ആവശ്യമനുസരിച്ച് സാധനങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിനും റേഷൻ കാർഡ് ബന്ധിത ഓൺലൈൻ സംവിധാനം മുഖേന സാധങ്ങൾ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സബ് സിഡി |

| | | | |
|---|---|---|---|
| | | | ഇനങ്ങൾക്ക് പുറമെ, പൊതു വിപണിയിലേതിനേക്കാൾ വിലക്കുറവിൽ ശബരി / എഫ് എം സി ജി സാധനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. സ്ഥല ലഭ്യതയുള്ള ഇടങ്ങളിൽ ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനായി നവീകരണ പ്രവൃത്തികളും നടത്തി വരുന്നു. ഇതിന്റെ ഭാഗമായി 2018-19 വർഷത്തിൽ 86 വിൽപ്പനശാലകളിലും 2019 – 20 വർഷത്തിൽ ഇതുവരെ 40 വിൽപ്പനശാലകളിലും നവീകരണം പൂർത്തിയാക്കിയിട്ടുണ്ട്. ഇവയിൽ 20 എണ്ണം മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളും മാവേലി സൂപ്പർ സ്റ്റോറുകളായും വിപുലീകരിച്ചിട്ടുള്ളതാണ്. ഇതുവഴി കൂടുതൽ ഉപഭോക്താക്കൾക്ക് സേവനമെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | മാവേലി സ്റ്റോറിന്റെ വിൽപ്പന കേന്ദ്രങ്ങളില്ലാത്ത ഗ്രാമ പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സപ്ലൈകോ വിൽപ്പനശാല ഒന്നും ഇല്ലാതിരുന്ന 38 ഗ്രാമപഞ്ചായത്തുകളാണ് ഉണ്ടായിരുന്നത്. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു സപ്ലൈകോ വിൽപ്പനശാലയെങ്കിലും ആരംഭിക്കുകയെന്ന ലക്ഷ്യം മുൻ നിർത്തി നടപടികൾ സ്വീകരിക്കുകയും ആയത് പ്രകാരം കെട്ടിട സൗകര്യം ലഭ്യമായ 24 ഗ്രാമപഞ്ചായത്തുകളിൽകൂടി പുതിയ സപ്ലൈകോ വിൽപ്പനശാലകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലെ മാനദണ്ഡപ്രകാരം അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അനുയോജ്യമായ കെട്ടിട സൗകര്യം ലഭ്യമാക്കുന്ന മുറയ്ക്ക് ബാക്കിയുള്ള 14 ഗ്രാമപഞ്ചായത്തുകളിൽകൂടി പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ